# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വിദേശപര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സ്ലോവാക്യൻ പ്രഡിഡന്റ് പീറ്റർ പെല്ലിഗ്രിനിയുമായി കൂടിക്കാഴ്ച നടത്തും.

   **President Droupadi Murmu arrives in Slovakia after concluding a successful state visit to Portugal. There will be delegation level talks and meeting between the President of India and the President of Slovakia, Peter Pellegrini.**

2. വികസനത്തിന്റെയും പൈതൃകത്തിന്റെയും സമന്വയമായിരിക്കും വികസിത ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Developed India means development as well as heritage, says Prime Minister Narendra Modi while addressing on the occasion of Navkar Mahamantra Divas in New Delhi.**

3. റിപ്പോ നിരക്ക് 6 ശതമാനമാക്കി കുറച്ച് റിസർവ് ബാങ്ക്. സ്വർണ്ണ പണയ വായ്പകൾക്ക് പുതിയ മാർഗനിർദേശങ്ങളും പ്രഖ്യാപിക്കും.

The Reserve Bank of India (RBI) cut its policy repo rate by 25 basis points to six per cent, for the second straight time . RBI also decided to issue new guidelines for gold loans.

4. വയനാട്ടിലെ പുതിയ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രത്തിന്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് നിർവഹിച്ചു.

MoS Kirti Vardhan Singh inaugurated new Post Office Passport Seva Kendra in Wayanad.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ നേരിടും.

In IPL Cricket, Gujarat Titans will take on Rajasthan Royals today.

6. ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾക്ക് അമേരിക്ക ഏർപ്പെടുത്തിയ പകര തീരുവ ഇന്ന് മുതൽ പ്രാബല്യത്തിൽ .

The US President Donald Trump's "reciprocal" tariffs came into effect including a 26 per cent tariff on Indian imports.

&&&&&&&&&&&&&&&&&&&&&&&&&&&

**HEADLINE-1**

**PREZ VISIT SLOVAKIA**

പോർച്ചുഗൽ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു സ്ലോവാക്യൻ തലസ്ഥാനമായ ബ്രാറ്റിസ്ലാവയിൽ എത്തി. സ്ലോവാക്യൻ പ്രസിഡന്റ് പീറ്റർ പെല്ലിഗ്രിനിയുമായും, പ്രധാനമന്ത്രി റോബർട്ടി ഫികോയുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തും. 29 വർഷത്തിന് ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി സ്ലോവാക്യ സന്ദർശിക്കുന്നത്. ദ്വിരാഷ്ട്ര പര്യടനത്തിന്റെ ആദ്യപാദത്തിൽ പോർച്ചുഗൽ സന്ദർശിച്ച രാഷ്ട്രപതി പോർച്ചുഗീസ് പ്രധാനമന്ത്രി ലൂയിസ് മോണ്ടിനെഗ്രോ ഉൾപ്പെടെയുള്ള നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&

**HEADLINE-2**

**PM- Navkar Mahamantra (INTRO)**

*പൈതൃകത്തിൽ ഊന്നിയുള്ള വികസനമാണ് രാജ്യത്ത് നടപ്പാക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മഹാവീര ജയന്തിയോടനുബന്ധിച്ച് ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടന്ന നവകർ മഹാമന്ത്ര ദിവസ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വികസിത ഇന്ത്യ എന്നാൽ വികസനത്തിന്റെയും പൈതൃകത്തിന്റെയും സമന്വയമാണെന്നും അദ്ദേഹം പറഞ്ഞു.*

*(ഹോൾഡ്)*

*പരമ്പരാഗത ഗ്രന്ഥങ്ങൾ ഉൾപ്പെടെ സംരക്ഷിക്കാൻ ജ്ഞാന ഭാരതം മിഷൻ ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പൈതൃക രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ പൗരാണികതയെ, ആധുനികതയുമായി ബന്ധിപ്പിക്കാൻ സാധിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.*

&&&&&&&&&&&&&&&&&&&&&&&&&&&

**WAVES PM**

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം സംഘടിപ്പിക്കുന്ന വേവ്സ് ഉച്ചകോടി ഇന്ത്യൻ പ്രതിഭകളെ ലോകത്തിന് മുന്നിലെത്തിക്കുന്നതിനുള്ള വേദിയായി മാറുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിനോദ മേഖല ലോകത്തെ ഏറ്റവും വലിയ വ്യവസായ രംഗങ്ങളിലൊന്നാണെന്നും സ്വകാര്യ മാധ്യമസ്ഥാപനം സംഘടിപ്പിച്ച ചടങ്ങിനെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ചലച്ചിത്ര, സംഗീത മേഖലകളിലും പോഡ്കാസ്റ്റ്, ഗെയിമിങ്ങ് രംഗത്തും ഇന്ത്യ സജീവ സാന്നിധ്യമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. മീഡിയ, എൻറർടെയിന്റ്മെന്റ് മേഖലകളിൽ ഇന്ത്യയെ മുൻനിരയിലെത്തിക്കാൻ ലക്ഷ്യമിട്ടുള്ള വേവ്സ് ഉച്ചകോടി മുംബൈയിൽ അടുത്ത മാസം നടക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

## HEADLINE-3

**RBI (intro)**

*റിപ്പോ നിരക്ക് 6 ശതമാനമാക്കി കുറച്ച് റിസർവ് ബാങ്ക്. മുംബൈയിൽ നടന്ന ധനനയ അവലോകന സമിതിയോഗമാണ് അടി സ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ ഇളവുകൾ വരുത്തി പുതിയ ധനനയം പ്രഖ്യാപിച്ചത്. നിലവിലെ 6.25 ശതമാനത്തിൽ നിന്നും റിപ്പോ നിരക്ക് 6 ശതമാനമാക്കി കുറച്ചതോടെ ഭവന-വാഹന വായ്പകളുടെ പലിശ നിരക്ക് കുറയും. രാജ്യത്തെ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ, വളർച്ച വേഗത്തിലാക്കുന്നത് ലക്ഷ്യമിട്ടാണ് തീരുമാനമെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു. തുടർച്ചയായ രണ്ടാം തവണയാണ് ആർബിഐ റിപ്പോ നിരക്കിൽ കുറവ് വരുത്തുന്നത്. രാജ്യത്തെ ജിഡിപി വളർച്ച നടപ്പുസാമ്പത്തിക വർഷം 6.5 ശതമാനമായിരിക്കുമെന്നും ആർബിഐ അറിയിച്ചു. (ഹോൾഡ് വോയിസ്)*

&&&&&&&&&&&&&&&&&&&&&&&&&&&

**RBI-Gold**

സ്വർണ്ണ പണയ വായ്പകൾക്ക് പുതിയ മാർഗനിർദേശം പ്രഖ്യാപിക്കാൻ ഒരുങ്ങി റിസർവ് ബാങ്ക്. ഇതുസംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങളിൽ പൊതുജനാഭിപ്രായം തേടുമെന്ന് ആർബി

ഐ ഗവർണർ സഞ്ജയ് മൽഹോത്ര വ്യക്തമാക്കി. വായ്പ നൽകുന്നതിനായി വിവിധ സ്ഥാപനങ്ങൾ വ്യത്യസ്ത മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം. സ്വർണ പണയ വായ്പകൾ കൂടുതൽ സുതാര്യമാക്കുമെന്നും ആർബിഐ ഗവർണർ പറഞ്ഞു. സാധാരണ ജനങ്ങൾ സാമ്പത്തിക ആവശ്യങ്ങൾക്കായി ഇത്തരം വായ്പകളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ, രാജ്യത്ത് സ്വർണ പണയ വായ്പകളിൽ വർധനയുണ്ടായതായും ആർബിഐ റിപ്പോർട്ടിൽ പറയുന്നു. .

&&&&&&&&&&&&&&&&&&&&&&&&&&&

**FM-UK**

വിദേശ ബാങ്കുകൾക്ക് ഇന്ത്യയിൽ ആകർഷകമായ വളർച്ചാ അവസരമുണ്ടെന്നും കേന്ദ്ര സർക്കാർ ബാങ്കിംഗ് മേഖലയിൽ വിദേശ നിക്ഷേപം വ്യാപകമായി പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ലണ്ടനിൽ നടന്ന ഇന്ത്യ-യുകെ നിക്ഷേപക ചർച്ചയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. പുതിയ ഇന്ത്യയ്ക്കായുള്ള സുസ്ഥിരസാമ്പത്തിക വളർച്ചയും നിക്ഷേപ അവസരങ്ങളും സാധ്യമാക്കുന്നതിന് കേന്ദ്രസർക്കാർ രൂപീകരിക്കുന്ന നയങ്ങൾ ശ്രീമതി.നിർമല സീതാരാമൻ വിശദീകരിച്ചു. 2032 ഓടെ ഇന്ത്യ ആറാമത്തെ വലിയ ഇൻഷുറൻസ് വിപണിയായി മാറുമെന്നും കേന്ദ്ര ധനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&&&&&&&&&&

**HEADLINE-4**

**WAYANAD POST OFFICE**

വയനാട്ടിൽ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം യാഥാർത്ഥ്യമായി. കൽപ്പറ്റ ഹെഡ് പോസ്റ്റ് ഓഫീസിൽ കേന്ദ്ര

സഹമന്ത്രി കീർത്തി വർധൻ സിംഗ് ഉദ്ഘാടനം ചെയ്യു. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, മന്ത്രി OR കേളു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തുടക്കത്തിൽ ഓരോ ദിവസവും 50 അപേക്ഷകർക്ക് പാസ്പോർട്ട് സേവാ കേന്ദ്രത്തിന്റെ സേവനം ലഭ്യമാക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

**GeorgeKurian**

വഖഫ് ബില്ലിന് ജനങ്ങളിൽ നിന്ന് വലിയ പിന്തുണ ലഭിക്കുന്നതായി കേന്ദ്ര ന്യൂനപക്ഷ കാര്യ സഹമന്ത്രി ജോർജ്ജ് കുര്യൻ. പ്രതിപക്ഷം ഉന്നയിച്ച തരത്തിലുള്ള എതിരഭിപ്രായം പൊതുജനങ്ങളിൽ നിന്ന് ഉണ്ടായിട്ടില്ലെന്നും കശ്മീരിൽ ഉൾപ്പെടെ ബില്ലിന് വലിയ സ്വീകാര്യതയാണ് ലഭിച്ചതെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

**Hackathon – XR Creator**

വേവ്സ് ഉച്ചകോടിയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച XR ക്രിയേറ്റർ ഹാക്കത്തോൺ വിജയികളെ ഇന്ന് ഉച്ചതിരിഞ്ഞ് 3.30 ന് പ്രഖ്യാപിക്കും. 2,200 പേരിൽ നിന്ന് 5 പേരെയാണ് വിജയികളായി തിരഞ്ഞെടുക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയായ extended realityയുമായി ബന്ധപ്പെട്ടുള്ള ഹാക്കത്തോൺ ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാരം, ഡിജിറ്റൽ മീഡിയ, എന്റർറ്റെയിൻമെന്റ്, ഇ-കൊമേഴ്സ് തുടങ്ങി 5 മേഖലകളിലാണ് സംഘടിപ്പിച്ചത്. മത്സരത്തിന്റെ അവസാന റൗണ്ടിൽ എത്തിയവരിൽ 19 ശതമാനം സ്ത്രീകളാണ്.

&&&&&&&&&&&&&&&&&&&&&&&&&

**CONCLAVE – CM**

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ കനകക്കുന്നിൽ കോൺക്ലേവ് വൈകിട്ട് ഉദ്ഘാടനം ചെയ്യും. ഈ മാസം 13 വരെ നടക്കുന്ന കോൺക്ലേവിൽ അറുപത് സെഷനുകളിലായി

ഇരുന്നൂറോളം വിദഗ്ദ്ധർ ആശയങ്ങൾ പങ്കുവയ്ക്കും. കോൺക്ലേവിൽ പ്രവേശനം സൗജന്യമാണ്.

&&&&&&&&&&&&&&&&&&&&&&&&&&&

## VIZHINJAM AGREEMENT

വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്രസർക്കാരിന്റെ 817.80 കോടി രൂപയുടെ വയബിലിറ്റി ഗ്യാപ് ഫണ്ട് സ്വീകരിക്കുന്നതിനുള്ള കരാറിൽ ഇന്ന് ഒപ്പുവെയ്ക്കും. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക കാര്യ വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

## VISHU,EASTER MARKET

സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾ നാളെ ആരംഭിക്കും. തിരുവനന്തപുരം കിഴക്കേക്കോട്ട പഴവങ്ങാടി പീപ്പിൾസ് ബസാറിൽ മന്ത്രി ജി ആർ അനിൽ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കും. കൺസ്യൂമർ ഫെഡിൻറെ വിഷു - ഈസ്റ്റർ സഹകരണ ചന്ത വെള്ളിയാഴ്ച ആരംഭിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

## DUBAI CROWN PRINCE

ദുബായ് കിരീടാവകാശിയും യുഎഇ ഉപപ്രധാനമന്ത്രിയുമായ ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് അൽ മക്തൂം ഇന്ന് മുംബൈയിൽ വ്യവസായിക നേതാക്കളുടെ വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കും. രണ്ട് ദിവസത്തെ സന്ദർശനത്തിന് എത്തിയ ദുബായ് കിരീടാവകാശി, പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് എന്നിവരുമായും യുഎഇ ഉപപ്രധാനമന്ത്രി ചർച്ച നടത്തി.

&&&&&&&&&&&&&&&&&&&&&&&&&&&

## HEADLINE-5

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 318 പോയിന്റ് താഴ്ന്ന് 73,914 - ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 107 പോയിന്റ് നഷ്ടത്തിൽ 22,428 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണ വിലയിൽ വർധന. പവന് 520 രൂപ ഉയർന്ന് 66,320 രൂപയും ഗ്രാമിന് 8,290 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&&&

**HEADLINE-6**

**TRUMP–TARRIF**

വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതികൾക്ക് അമേരിക്ക ഏർപ്പെടുത്തിയ പകര തീരുവ ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു. ചൈനീസ് ഇറക്കുമതിക്ക് 104 ശതമാനവും, ഇന്ത്യക്ക് 26 ശതമാനമാണ് തീരുവ ഏർപ്പെടുത്തിയിരിക്കുന്നത്. യൂറോപ്യൻ യൂണിയനും, വിയറ്റ്നാം, തയ്വാൻ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങൾക്കും ഭീമമായ തീരുവ ഏർപ്പെടുത്തിയിട്ടുണ്ട്. നടപടി ചൈനയുടെ സാമ്പത്തിക വളർച്ചയിൽ 2.5 ശതമാനം ഇടിവ് വരുത്തുമെന്നാണ് വിദഗ്ധർ വിലയിരുത്തുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദിയും യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും തമ്മിൽ ഫെബ്രുവരിയിൽ നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ഇന്ത്യ അമേരിക്ക ഉഭയകക്ഷി വ്യാപാര കരാറിന്മേലുള്ള ചർച്ചകൾ പുരോഗമിക്കുന്നുണ്ടെന്ന് കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ വ്യക്തമാക്കി. വിദേശകാര്യ മന്ത്രി എസ്.ജയശങ്കറും യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റുബിയോയും തമ്മിൽ കഴിഞ്ഞ ആഴ്ച നടത്തിയ ചർച്ചയിലും ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധം ഉചിതമായ രീതിയിൽ മുന്നോട്ട്കൊണ്ടുപോകാൻ ധാരണയായിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&

## US MILITARY STRIKE –YEMEN

യെമനിലെ ഹൂതി വിമത കേന്ദ്രങ്ങൾക്കെതിരെ സൈനിക നീക്കം ശക്തമാക്കി അമേരിക്ക. വടക്കൻ യെമനിൽ 22 വ്യോമാക്രമണങ്ങളാണ് യു എസ് ഇന്നലെ നടന്നത്. ചെങ്കടലിൽ ചരക്കുകപ്പലുകൾക്ക് നേരെ ഹൂതികൾ നടത്തുന്ന ആക്രമണം തടയുക ലക്ഷ്യമിട്ടാണ് നടപടിയെന്ന് അമേരിക്ക വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&